


പ്രകൃതി അമ്മയാണ്.

'ഹരിതകേരളം സുന്ദരകേരളം' ......
ഭൂമിക്ക് വേണ്ടി ഒത്തുചേരുക

# പച്ച

ഗവ.ഹയർ സെക്കന്ററി സ്കൂൾ അഞ്ചേരി

പരിസ്ഥിതിദിന പതിപ്പ്

**ജൂൺ 5 ലോക പരിസ്ഥിതിദിനം**

**“BEAT PLASTIC POLLUTION”**



"തോൽപ്പിക്കുക, പ്ളാസ്റ്റിക്ക് മലിനീകരണത്തെ, പുനരുപയോഗിക്കാൻ കഴിയില്ലെങ്കിൽ നിരസിക്കു "



ഐക്യരാഷ്ട്രസഭ ജനറൽ അസംബ്ലിയാണ് 1972 മുതൽ പരിസ്ഥിതി ദിനാചരണം ആരംഭിച്ചത്.

## നമ്മുടെ പ്രകൃതി

വയലും കുന്നും കായലും പുഴകളും നദികളും കൊച്ചു കൊച്ചു പുൽമേടുകളും മരങ്ങളും പൂക്കളും അരുവികളും ജലജന്യ ജീവ ജാലങ്ങളും നിറഞ്ഞതാണ് നമ്മുടെ പ്രകൃതി.നിറ വൈവിധ്യത്താലും രൂപ വൈവിധ്യത്താലും എല്ലാത്തിനാലും വ്യത്യസ്തമാർന്നതാണ് നമ്മുടെ പ്രകൃതി . നമുക്ക് ചുറ്റും കാണുന്ന പച്ചപ്പാണ് ഈ പ്രകൃതിയുടെ മുഖം .നാനാ ഭാവങ്ങൾ നിറഞ്ഞ നമ്മുടെ ഈ പ്രകൃതിയുടെ അവസ്ഥ വളരെ വിഷമം നിറഞ്ഞതാണ് വയലും കുന്നുകളും പുഴകളും അങ്ങനെ അനേകം പ്രകൃതി സമ്പത്തുകൾ അപ്രത്യക്ഷമായിരിക്കുന്നു.പുഴകൾ മലിനമായി..സസ്യ സമ്പത്തുകൾ വിരളമായിരിക്കുന്നു.ഇന്നത്തെ നമ്മുടെ പ്രകൃതിയിൽ വളരെ അധികം മാറ്റങ്ങൾ സംഭവിച്ചിരിക്കുന്നു.

ദിനം പ്രതി മനുഷ്യർ പ്രകൃതിയെ ചൂഷണം ചെയ്യുന്നു.ഇന്നത്തെ മനുഷ്യ സമൂഹം പരിസ്ഥിതി ദിനം എന്ന ഒരു ദിനത്തിൽ മാത്രമേ പ്രകൃതിയെ ഓർക്കുന്നുള്ളു..ആ ദിവസത്തിൽ മാത്രമേ പ്രകൃതിക്കായി ഒരു തൈ നടുന്നുള്ളു.മനുഷ്യ സമൂഹം അപ്പാടെ മണ്ണിനെ മറന്നു കളഞ്ഞു.പ്രകൃതിയുടെ ആവശ്യം എന്തെന്നറിയാതെ മനുഷ്യർ ജീവിക്കുകയാണ്.നമുക്ക് ജീവിക്കാനുള്ള വായുവും മണ്ണും ആഹാരവും നമുക്ക് ലഭിക്കുന്നത് പ്രകൃതിയിൽ നിന്നാണ് .മനുഷ്യ സമൂഹത്തിന്റെ നില നില്പിന് പ്രകൃതിയുടെ പങ്ക് ചെറുതൊന്നുമല്ല .ഈ സത്യം നമ്മുടെ കൊച്ചു മക്കൾക്ക് വരെ അറിയുന്നതാണ് എന്നാലും ആരും അതിനെ മാനിക്കുന്നില്ല.സ്വന്തം സുഖത്തിനും സൗകര്യത്തിനും വേണ്ടി നാം ഓരോരുത്തരും പ്രകൃതിയെ ഇല്ലാതാക്കുന്നു.വർണ ശബളമായ പ്രകൃതി ഇന്ന് മാലിന്യങ്ങൾ നിറഞ്ഞു മുങ്ങിപോയിരിക്കുന്നു .നമ്മുടെ പ്രകൃതിയെ സംരക്ഷിക്കാൻ ഈ പരിസ്ഥിതി ദിനം മുതൽനമുക്ക് ഏവർക്കും ശ്രമിക്കാം.

**അശ്വതി ഇ.കെ**

## ലോക പരിസ്ഥിതിദിനം 2018

പൊതു ജനങ്ങളിൽ പരിസ്ഥിതി സംരക്ഷണത്തെ കുറിച്ചുള്ള അവബോധം വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് എല്ലാ വർഷവും പരിസ്ഥിതി ദിനം ആചരിക്കുന്നത് .ഇന്ത്യയെയാണ് ഈ വർഷം പരിസ്ഥിതി ദിനത്തിന്റെ ആതിഥേയ രാജ്യമായി തിരഞ്ഞെടുത്തിരിക്കുന്നത് .ലോകത്തിൽ അവശേഷിക്കുന്ന പച്ചപ്പിനെ നില നിർത്തുക. കൂടുതൽ സ്ഥലങ്ങളിൽ വൃക്ഷ തൈകൾ നട്ടു വളർത്തുക ഭൂമിയെ ഹരിതാഭമാക്കുക കാലാവസ്ഥ വ്യതിയാനങ്ങളെ ചെറുക്കുക.,ഇതാണ് പരിസ്ഥിതി ദിന പ്രവർത്തനങ്ങളുടെ ലക്ഷ്യം ..പാസ്റ്റിക്കിന്റെ ദൂഷ്യ ഫലങ്ങൾ ചൂണ്ടിക്കാട്ടി അവയുടെ ഉപയോഗം തടയണമെന്ന ആഹ്വാനത്തോടെയാണ് ഈ വർഷത്തെ പരിസ്ഥിതി ദിനമാചരിക്കുന്നത് .







"വലിയ വില കൊടുത്ത് ഞാൻ - മനുഷ്യൻ - വാങ്ങിയ പുരയിടത്തിൽ ആഡംബരത്തിന്റെ കളിക്കോപ്പുകൾ നിറഞ്ഞ ബംഗ്ലാവുണ്ട്, നിശബ്ദമായി പൊട്ടിച്ചിരിക്കുന്ന വൈദ്യുത ദീപങ്ങളുണ്ട്, റേഡിയോ സെറ്റുണ്ട്. എന്നാൽ എരി പൊരി പൊള്ളുന്ന ഈ മൊട്ടപറമ്പിൽ ഒരു കിണറില്ല, അന്തർദാഹം മാറ്റുന്ന തെളിനീരുറവയില്ല"

\- പി.കുഞ്ഞിരാമൻനായർ








## ഒരു തൈ നടാം... നാളെക്കായ്

അയ്യോ ഓടിക്കോ ദാ വരുന്നേ ..ആ പ്രാന്തൻ തോമാച്ചൻ .ക്രിക്കറ്റ് കളിച്ചു കൊണ്ടിരുന്ന സച്ചിൻ വിളിച്ചു പറഞ്ഞു.അതു കേട്ട് എല്ലാ കുട്ടികളും ഓടി ..ഉം ...പ്രാന്തൻ പൊട്ടൻ എന്തെല്ലാം പേരുകളാ ..സത്യം പറയുന്നവനെ എന്നും എല്ലാ കാലത്തും ഭ്രാന്തനാക്കാനാണ് എല്ലാവർക്കും ഇഷ്ടം .ഇതിന്റെയെല്ലാം ഭവിഷ്യത്ത് അനുഭവിക്കാൻ ഇരിക്കുന്നേയുള്ളു ..തോമാച്ചൻ മനസ്സിൽകരുതി .തോമാച്ചൻ താമസിക്കുന്നത് മകനോടൊപ്പമാണ് .മകൻ തോമസ് ഡോക്ടറാണ് അപ്പനോട് വളരെ സ്നേഹം മകനും മകൾക്കും ഉണ്ടായിരുന്നെങ്കിലും അപ്പന്റെ ചില രീതികളോട് മകന് ഇഷ്ടമില്ലായിരുന്നു.ഏറ്റവും വലിയ ഹൗസിങ്ങ് കൊളനിയായ ഗ്രീൻ ഗാർഡനിലാണ് തോമാച്ചൻ മക്കളുമൊത്ത് താമസിക്കുന്നത്.വലിയ ഹൗസിങ്ങ് കോളനിയാണെങ്കിലും ഒരു വാട്ട പുല്ലുപോലും കാണാനില്ല.തോമാച്ചൻ വീടിന്റെ പുറകിലും മുറ്റത്തും ധാരാളം ചെടികൾ നട്ടു പിടിപ്പിക്കും വെള്ളവും വളവും നൽകും ..പരിപാലിക്കും..ചെടികളോട് സംസാരിക്കും..ചിലപ്പോൾ അവയെ തലോടിയിരിക്കും.ഇതൊന്നും മക്കൾക്കും മരുമക്കൾക്കും ഇഷ്ടമല്ല, മറ്റുള്ളവർ കണ്ടാൽ എന്ത് വിചാരിക്കും .മറ്റുള്ളവരുടെ മുറ്റമെല്ലാം മനോഹരമായ മാർബിൾ കൊണ്ടും പ്ലാസ്റ്റിക് പുല്ലു പിടിപ്പിച്ച പരവതാനി കൊണ്ടും അലങ്കരിച്ചിരുന്നു.പക്ഷെ തന്റെ മുറ്റത്തു മാർബിൾ വിരിക്കാൻ അപ്പൻ സമ്മതിക്കില്ല ഈ കാര്യങ്ങൾ പറഞ്ഞ് അവർ എപ്പോഴു അപ്പനെ കുറ്റപ്പെടുത്തും...ഉപദേശിക്കും ..അപ്പോഴെല്ലാം തോമാച്ചൻ നല്ല മറുപടി തിരിച്ചു പറയും ..നാം അനുഭവിക്കുന്നതെല്ലാം പൂർവികർ കരുതി വച്ചതാണ് ..ഇന്ന് ഈ ഭൂമിയിൽ കാണുന്നതെല്ലാം നമ്മുടേതല്ല , വരും തലമുറയ്ക്ക് കൂടിയുള്ളതാണ് .ഈ മറുപടി എപ്പോഴും ആവർത്തിക്കും.കോളനിയിൽ എവിടെയെങ്കിലും ഒരുതുണ്ട് മണ്ണ് കണ്ടാൽ അവിടെ കിളച്ചു വൃത്തിയാക്കി തൈകൾ വെക്കും...എന്നും ചെന്ന് അവയോട് കിന്നാരം പറയും.ഇതെല്ലാം കണ്ട് മറ്റുള്ളവർ തോമാച്ചനെ ഭ്രാന്തനെന്നു വിളിച്ചു.എന്നാലും ഒന്നും കൂസാതെ തന്റെ മരണം വരെ തോമാച്ചൻ അത് തുടർന്നു. തോമാച്ചന്റെ മരണ ശേഷം കൊടിയ വേനലിൽ നഗരമാകെ ചുട്ടു പഴുത്തപ്പോൾ ,ഒരു പുളിയില തണൽ പോലും കിട്ടാതെ വന്നപ്പോൾ ഗ്രീൻ ഗാർഡനിൽ മാത്രം പൂക്കൾ പൂത്തു ..മുല്ലയുടെയും ലാങ്കിപ്പൂവിന്റെയും ചെമ്പകത്തിന്റെയും സുഗന്ധമുള്ള ഇളം കാറ്റ് തോമസ് ഡോക്ടർക്കും കുടുംബത്തിനും ആശ്വാസമായി.അപ്പന്റെ പ്രവൃത്തിയുടെ ഫലം അവർ അനുഭവിച്ചു.അപ്പന്റെ സത്യം അവർ തിരിച്ചറിഞ്ഞു.തോമസും ഭാര്യയും മക്കളെ കൂടി ചേർത്ത് അപ്പൻ ചെയ്തിരുന്ന പ്രവൃത്തി നാട്ടിലേക്കു കൂടി വ്യാപിപ്പിക്കാൻ ഒരുങ്ങി........

**കെസിയ ജോയ്**